# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2071

## (11.03.2020-ലെ മറുപടിക്ക്)

## വർക്കല സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജോയി<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| വർക്കല സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | വർക്കല സബ്ട്രഷറിക്ക വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മുന്നോടിയായി നിലവിലെ കെട്ടിടത്തിൽ നിന്നും വാടക കെട്ടിടത്തിലേയ്ക്ക് മാറ്റി ട്രഷറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപ്രകാരം വർക്കല സബ്ട്രഷറി പ്രവർത്തിച്ചു കൊണ്ടിരുന്ന ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് ട്രഷറി തീരുമാനം എടുത്തിട്ടുള്ളത്. ആയതിൻ പ്രകാരം പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രഷറി കെട്ടിട നിർമ്മാണത്തിനായി സർക്കാർ തീരുമാനിച്ച നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചതിനെ തുടർന്ന് സർക്കാരിൽ നിന്നും ₹3,48,95,000/- (മൂന്നു കോടി നാൽപ്പത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവ് G.O.(Rt) No.10130/2019/Fin dated 24.12.2019 പ്രകാരം പുറപ്പെടുവിക്കുകയും, സാങ്കേതാകാനുമതി ഇൻകെൽ ഉടൻ പുറപ്പെടുവിക്കുന്നതും, തുടർന്ന് ടെണ്ടർ നടപടികൾക്ക് ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞാൽ 12 മാസം കൊണ്ട് ആയത് പൂർത്തിയാക്കി ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ